(ബി) നഴ്സിംഗ് റിക്രൂട്ട്മെന്റ് രംഗത്ത് നടന്നു വന്നിരുന്ന ചൂഷണങ്ങൾ ഒഴിവാക്കി സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സുതാര്യമായ ഒരു നിയമനപ്രക്രിയ ഇതുമൂലം സജ്ജമാകും. സ്വകാര്യ ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. ലിമിറ്റഡ്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിൽനിന്നുള്ള രക്ഷ, സുരക്ഷിതമായ ജോലി, വാഗ്ദാനം ലഭിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പു വരുത്തുക, വിദേശത്ത് തൊഴിൽ ദാതാക്കളിൽനിന്നും ഉണ്ടാകാനിടയുള്ള പീഡനങ്ങളിൽ നിന്നുള്ള സുരക്ഷ, കുറഞ്ഞ സർവ്വീസ് ചാർജ് തുടങ്ങിയവയാണ് ഇതുവഴി നഴ്സുമാർക്ക് ലഭിക്കാവുന്ന ഗുണങ്ങൾ.

അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന

16 (*376) ശ്രീ. സാജു പോൾ :
ശ്രീ. എം. എ. ബേബി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എവിടെയൊക്കെ സൗകര്യമുണ്ടെന്നും അത് പര്യാപ്തമാണോയെന്നും അറിയിക്കാമോ ;

(ബി) മെഡിക്കൽ സ്റ്റോറുകളിലൂടെ പരിശോധന കൂടാതെ മരുന്നുകൾ വിറ്റഴിക്കാൻ അനുവദിച്ചശേഷം അവയുടെ സാമ്പിൾ പരിശോധിച്ച് പ്രതികൂലമായിട്ടുള്ള പരിശോധനാഫലം പത്രദ്വാരാ അറിയിക്കുന്നതുമൂലം ആ പ്രത്യേക ബാച്ചിലെ എത്ര ശതമാനം മരുന്നുകൾ തിരികെ എത്തുന്നുവെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ ;

(സി) ഇപ്പോഴത്തെ സംവിധാനത്തിനു പകരം സംസ്ഥാനത്ത് വിൽക്കാൻ ഉദ്ദേശിക്കുന്ന ഓരോ ബാച്ച് മരുന്നും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറി കളിൽ പരിശോധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രം മൊത്തവിതരണ വ്യാപാരികൾവഴി വിതരണം ചെയ്യാൻ അനുമതി നൽകുന്ന രീതി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും അടുത്ത കാലത്തായി എറണാകുളത്ത് പ്രവർത്തനമാരംഭിച്ച റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ളത്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ഔഷധ പരിശോധനാ ലബോറട്ടറികളും പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തെ ഔഷധ പരിശോധനയ്ക്ക് പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽതന്നെ ഉറപ്പാക്കിയ ശേഷമാണ് അവ വിതരണം ചെയ്യുന്നതിലേയ്ക്കായി നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്നത്. വിപണിയിലെത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവ./പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാന്റം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേയ്ക്ക് അയയ്ക്കുന്നത്. എന്നിരുന്നാലും ഗതാഗതം (transportation), ശേഖരണം (Storage) എന്നിവയിലെ അപാകതകൾ കാരണവും മരുന്നുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനംമൂലവും മരുന്നുകൾ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി പ്രതികൂലമായിട്ടുള്ള പരിശോധനാഫലം വരാറുണ്ട്. ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നതിനാൽ ഇത്തരം മരുന്നുകൾ കുറഞ്ഞ തോതിലെങ്കിലും വിപണിയിൽ കണ്ടുവരാറുണ്ട്. എന്നാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ National Informatics Centre-ന്റെ സഹായ സഹകരണത്തോടെ പുതുതായി പ്രാവർത്തികമായിട്ടുള്ള സോഫ്റ്റ് വെയറിലെ (XLN) എസ്.എം.എസ് സംവിധാനംവഴി ഇത്തരം മരുന്നുകളുടെ വിശദാംശങ്ങൾ പരിശോധനാഫലം പ്രഖ്യാപിച്ച ഉടൻതന്നെ വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും ആശുപത്രികൾ, മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഗുണനിലവാരമില്ലാത്ത മരുന്നുകൾ പൂർണ്ണമായും വിപണിയിൽ നിന്നും പിൻവലിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഇത്തരത്തിൽ പിൻവലിച്ച മരുന്നുകളുടെ വിലയും അറിയിക്കാറുണ്ട്. എന്നാൽ എത്ര ശതമാനം മരുന്നുകൾ പിൻവലിച്ചു എന്ന കണക്ക് സൂക്ഷിച്ചിട്ടില്ല.

(സി) നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽ തന്നെ ഉറപ്പാക്കിയശേഷമാണ് അവ വിതരണം ചെയ്യുന്നതിലേയ്ക്കായി നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്നത്. വിപണിയിലെ ത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ടി മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോ ധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേയ്ക്ക് അയയ്ക്കുന്നത്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി സർക്കാർ ആശുപത്രികളിൽ വിതരണ ത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽനിന്നും പ്രസ്തുത മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറി കളിൽ പരിശോധിച്ച് സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ടെൻഡർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് ബോദ്ധ്യമായതിനുശേഷമാണ് മരുന്നുകൾ വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുക്കുന്നത്.

അരിയിൽ മായം

17 (*377) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിയിൽ മായം കലർത്തി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തെല്ലാം വസ്തുക്കളാണ് മായം ചേർക്കുവാനായി ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) അരിയിൽ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?